## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1732

10.03.2020 ൽ
മറുപടിക്ക്

### സ്റ്റോർ പർച്ചേസ് മാനുവൽ പാലിക്കാതെ ഉപകരണങ്ങൾ വാങ്ങിയ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സ്റ്റോർ പർച്ചേസ് മാനുവൽ പാലിക്കാതെ വിലപിടിപ്പുള്ള ഉപകരണങ്ങൾ വാങ്ങിയശേഷം സർക്കാരിൽ സമ്മർദം ചെലുത്തി നടപടികൾ ക്രമപ്പെടുത്തി വാങ്ങുന്ന പോലീസിലെ ഉന്നതരുടെ നീക്കം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) സ്പെക്ട്രം അനലൈസർ വാങ്ങാൻ സർക്കാർ നിർദ്ദേശിച്ച കമ്പനിയെ മാറ്റി പകരം സ്വന്തം നിലയിൽ ബംഗലൂരുവിലെ ഒരു സ്വകാര്യ കമ്പനിയുമായി ഡി.ജി.പി. കരാർ ഉറപ്പിച്ച സാഹചര്യം പരിശോധിക്കുകയുണ്ടായോ; | ബി) ഉണ്ട്. |
| സി) സ്റ്റോർ പർച്ചേസ് മാനുവൽ പാലിക്കാതെ നടത്തിയ ഈ ഇടപാടിൽ ചട്ടലംഘനം ബോധ്യപ്പെട്ടെങ്കിലും സമ്മർദത്തിന് വഴങ്ങി പ്രസ്തുത നടപടി സർക്കാർ ക്രമവൽക്കരിക്കുകയും മേലിൽ ഇതാവർത്തിക്കരുതെന്ന് താക്കീത് നൽകുകയും ഉണ്ടായോ; | സി) സ്റ്റോർ പർച്ചേസ് മാന്വൽ പാലിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെയാണ് പ്രസ്തുത വാങ്ങൽ നടപടി സാധൂകരിച്ചിട്ടുള്ളത്. |
| ഡി) എന്നാൽ 2018-ൽ നടന്ന ഒരു കോടിയിലേറെ വിലയുള്ള ബുള്ളറ്റ് പ്രൂഫ് വാഹനം വാങ്ങുന്ന ഇടപാടിലും ഇതേ ചട്ടലംഘനം ആവർത്തിക്കുകയും പിന്നീട് അത് ക്രമവൽക്കരിക്കുകയുമുണ്ടായോ; | ഡി) യും ഇ) യും ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നത് അതീവ സുരക്ഷ ആവശ്യമുള്ള ഓപ്പറേഷണൽ പർപ്പസ് ഡ്യൂട്ടികൾക്കാണ്. ആയതിനാൽ ടി വാഹനങ്ങളുടെ സുരക്ഷാപരമായ രഹസ്യങ്ങൾ |

| | | |
|---|---|---|
| ഇ) | സ്റ്റോർ പർച്ചേസ് മാനുവലും കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങളും അവഗണിച്ചു കൊണ്ടുള്ള ഇത്തരം ചട്ടലംഘനങ്ങൾക്ക് സർക്കാർ പിന്തുണയുണ്ടെന്നുള്ള ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ; | വെളിവാക്കപ്പെടുന്നത് പ്രസ്തുത വാഹനം ഉപയോഗിക്കേണ്ടി വരുന്ന ഓപ്പറേഷണൽ പർപ്പസ് ഡ്യൂട്ടികളുടെ സുരക്ഷയ്ക്ക് അഭികാമ്യമല്ല. ഈ സാഹചര്യം പരിഗണിച്ചാണ് സർക്കാർ പ്രസ്തുത നടപടി സാധൂകരിച്ചിട്ടുള്ളത്. ഇപ്രകാരം സിംഗിൾ ടെണ്ടർ വഴി ബുള്ളറ്റ് പ്രൂഫ് വാഹനം വാങ്ങുന്ന കീഴ്-വഴക്കവുമുണ്ട്. |
| എഫ്) | ഇക്കാര്യം സർക്കാരിനു പുറത്തുള്ള ഒരു ഉന്നത ഏജൻസിയെ കൊണ്ട് പരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | എഫ്) പോലീസിന്റെ പർച്ചേസുകൾ ഏറെയും മറ്റു വകുപ്പുകളുടെ പർച്ചേസുകളിൽ നിന്നും, സുരക്ഷാ കാരണങ്ങളാലും മറ്റും വ്യത്യസ്തത പുലർത്തുന്നതാകയാൽ അതിനായി പ്രത്യേക മാനദണ്ഡങ്ങളും ചട്ടങ്ങളും നിർദ്ദേശിക്കേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിനും ശിപാർശ സമർപ്പിക്കുന്നതിനുമായി ഒരു ജുഡീഷ്യൽ കമ്മീഷനെ ഇതിനകം നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ